ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:12.10.2025**

## പ്രധാനവാർത്തകൾ

1. പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞം രാജ്യത്തുടനീളം പുരോഗമിക്കുന്നു; സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

2. രാജ്യത്തെ സ്കൂളുകളിൽ ഫീസുകൾ സ്വീകരിക്കുന്നതിന് യുപിഐ സംവിധാനം ഉപയോഗിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം.

3. ശബരിമല ക്ഷേത്രത്തിലെ സ്വർണപ്പാളി വിഷയത്തിൽ ജസ്റ്റിസ് ശങ്കരന്റെ നേതൃത്വത്തിൽ സന്നിധാനത്ത് പരിശോധനകൾ തുടരുന്നു.

4. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് സംസ്ഥാനത്ത് ഒരു മരണം കൂടി; ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിനു വിലക്ക്.

6. ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ - ഓസ്ട്രേലിയ പോരാട്ടം; ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റ് ഇൻഡീസ് ഫോളോ ഓണിലേക്ക്.

&&&&&&&&&&&&&&&&

PNUTVPM

## പാട്രിക് ഹെർമിനി

സീഷെൽസ് പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ട പാട്രിക് ഹെർമിനിക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹെർമിനിയുടെ നേതൃത്വം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന് കൂടുതൽ ശക്തിപകരുമെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. പ്രതിപക്ഷ നേതാവായിരുന്ന അദ്ദേഹം നിലവിലെ പ്രസിഡന്റ് വേവൽ രാംകലവാനെയാണ് പരാജയപ്പെടുത്തിയത്.

*******************

## യുപിഐ സംവിധാനം

RNU TVPM

പ്രവേശന ഫീസ്, പരീക്ഷാ ഫീസ് എന്നിവ ഉൾപ്പെടെ സ്വീകരിക്കുന്നതിന് യുപിഐ സംവിധാനം ഉപയോഗിക്കാൻ രാജ്യത്തെ സ്കൂളുകളോട് ആവശ്യപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ സ്വീകരിക്കുന്നതിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭരണപരമായ പ്രക്രിയകൾ ആധുനികവൽക്കരിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും കൂടുതൽ സൗകര്യം ലഭ്യമാക്കുന്നതിനുമാണ് ഈ നീക്കം. സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എൻസിഇആർടി, സിബിഎസ്ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് മന്ത്രാലയം ഇത് സംബന്ധിച്ച് കത്തയച്ചു.

*******************

## മുനമ്പം യോഗം മുഖ്യമന്ത്രി

മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ, ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ ശുപാർശകളിലെ തുടർനടപടി

ചർച്ച ചെയ്യാൻ, മുഖ്യമന്ത്രി വിളിച്ച യോഗം നാളെ നടക്കും. ഫാദർ. ആന്റണി സേവ്യർ തറയിലിന്റെ നേതൃത്വത്തിലുള്ള സമരസമിതി പ്രതിനിധികൾ ഇന്നലെ മന്ത്രി പി രാജീവിനെ സന്ദർശിച്ചു. സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളിൽ സമരസമിതി പൂർണ്ണ തൃപ്തി അറിയിച്ചു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാനുള്ള തുടർ നടപടികളാണ് ചർച്ച ചെയ്യുക.

*******************

## സദാനന്ദൻ മാസ്റ്റർ - പൗരസ്വീകരണം

നരേന്ദ്രമോദി സർക്കാർ കേരളത്തിന് നൽകുന്നത് ഉയർന്ന പരിഗണന ആണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കണ്ണൂർ മട്ടന്നൂരിൽ രാജ്യസഭാ എം പി സി. സദാനന്ദൻ മാസ്റ്റർക്ക് നൽകിയ പൗരസ്വീകരണവും ഓഫീസ് ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. ബിജെപി ദേശീയ ഉപാധ്യക്ഷൻ എ പി അബ്ദുള്ളക്കുട്ടി ഉൾപ്പടെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു.

RNU TVPM

*******************

## പൾസ് പോളിയോ (ഇൻട്രോ)

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യമെമ്പാടും പൾസ് പോളിയോ പ്രതിരോധയജ്ഞം പുരോഗമിക്കുന്നു. ഉയർന്ന വാക്സിനേഷൻ നിരക്ക് രേഖപ്പെടുത്തിയവ ഒഴിവാക്കി തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലാണ് ഇത്തവണ പോളിയോ തുള്ളിമരുന്ന് നൽകുന്നത്. ഇതിനകം 99 ശതമാനത്തിലേറെ വാക്സിനേഷൻ നടത്തിയ ഇടുക്കി ഒഴികെ സംസ്ഥാനത്തെ 13 ജില്ലകളിലാണ് യജ്ഞം. പോളിയോ ബൂത്തുകൾ വൈകുന്നേരം 5 മണി വരെ പ്രവർത്തിക്കും. ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, ബോട്ടുജെട്ടികൾ

എന്നിവിടങ്ങളിലെ ട്രാൻസിറ്റ് ബൂത്തുകൾ രാത്രി 8 വരെയുമുണ്ടാകും. ഇന്ന് തുള്ളിമരുന്ന് ലഭിക്കാത്ത കുഞ്ഞുങ്ങൾക്ക് നാളെയും, മറ്റന്നാളും സന്നദ്ധപ്രവർത്തകർ വീടുകളിൽ എത്തി തുള്ളിമരുന്ന് നൽകും. പോളിയോ പ്രതിരോധയജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ടയിൽ മന്ത്രി വീണ ജോർജ് നിർവഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

(വോയിസ്.....)

*******************

## ശബരിമല-പരിശോധന

RNUTVPM

ശബരിമല സ്വർണപാളി വിഷയത്തിൽ ഹൈക്കോടതി നിർദേശപ്രകാരം ജസ്റ്റിസ് ശങ്കരന്റെ നേതൃത്വത്തിൽ നടക്കുന്ന പരിശോധനകൾ പുരോഗമിക്കുന്നു. ഇന്നലെ സന്നിധാനത്തെ താത്ക്കാലിക സ്ട്രോങ് റൂമിൽ പരിശോധന ആരംഭിച്ചപ്പോൾ മുതൽ വഴിപാട് സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ, മഹസർ എന്നീ രേഖകൾ തമ്മിലും, യഥാർത്ഥ സ്റ്റോക്കുമായും വലിയ വൈരുദ്ധ്യം കണ്ടെത്തിയതായാണ് വിവരം. ദ്വാരപാലക ശിൽപ്പങ്ങളുടെ പാളികളും, പഴയ വാതിലുകൾ, കട്ടിള എന്നിവ ഉൾപ്പടെയുള്ളവയുടെപരിശോധനയും നടക്കും. സന്നിധാനത്തെ പരിശോധന പൂർത്തിയാക്കിയ ശേഷം തങ്ക അങ്കി അടക്കം തിരുവാഭരണങ്ങളും, വഴിപാട് സാമാഗിികളും സൂക്ഷിച്ചിട്ടുള്ള ആറന്മുളയിലെ സ്ട്രോങ് റൂമിലും പരിശോധന നടക്കും.

*******************

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കൊല്ലം സ്വദേശിനിയാണ് മരിച്ചത്. 48 വയസായിരുന്നു. കഴിഞ്ഞ മാസം നടത്തിയ പരിശോധനയിൽ ഇവർക്ക് രോഗം സ്ഥിരീകരിച്ചിരുന്നു. സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ജാഗ്രത കർശനമാക്കിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ജലാശയങ്ങളിൽ കുളിക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശമുണ്ട്.

******************

**കണ്ണൂർ - സൂ സഫാരി പാർക്ക് (ഇൻട്രോ)**

കണ്ണൂർ തളിപ്പറമ്പ് നാടുകാണിയിൽ സൂ സഫാരി പാർക്ക് നിർമിക്കുന്നതിനായി അഞ്ചംഗ വിദഗ്ദ സമിതി രൂപീകരിച്ചു. 252.8 ഏക്കർ ഭൂമിയിലാണ് പാർക്ക് സ്ഥാപിക്കുക. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ...**

(വോയിസ്)

RNU TVPM

******************

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനു വിലക്കുണ്ട്.

******************

**ആലപ്പുഴ (ഇൻട്രോ)**

കുട്ടനാട്ടിൽ രണ്ടാം വിത ഇറക്കിയ പാടശേഖരങ്ങളിൽ കീട ശല്യം രൂക്ഷം.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*******************

**സൂപ്പർ ലീഗ് കേരള**

സൂപ്പർ ലീഗ് കേരള രണ്ടാം സീസണിലെ രണ്ടാം മത്സരത്തിൽ ഇന്ന് മലപ്പുറം എഫ്സി - കണ്ണൂർ വാറിയേഴ്സിനെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

PIU TVPM

*******************

**വനിതാ ലോകകപ്പ് ക്രിക്കറ്റ്**

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ - ഓസ്ട്രേലിയ പോരാട്ടം. ഉച്ചക്ക് 3 മണിക്ക് വിശാഖപട്ടണത്താണ് മത്സരം.

*******************

**ടെസ്റ്റ് ക്രിക്കറ്റ്**

ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഫോളോ ഓൺ ഭീഷണിയിൽ വെസ്റ്റ് ഇൻഡീസ്. മൂന്നാം ദിനത്തിൽ ആദ്യ ഇന്നിംഗ്സ് പുനഃരാരംഭിച്ച വിൻഡീസ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ വിൻഡീസ് 9 വിക്കറ്റ് നഷ്ടത്തിൽ 232 റൺസ് എന്ന നിലയിലാണ്. 5 വിക്കറ്റിന് 518 എന്ന നിലയിൽ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്തിരുന്നു.

*******************

## ദീപാ ദാസ് മുൻഷി

കേന്ദ്ര വിവരാവകാശ കമ്മീഷനിലെ ഒഴിവുകൾ നികത്തണമെന്ന് എ ഐ സി സി ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി. രാജ്യത്തെ വിവരാവകാശ പ്രവർത്തകർക്ക് സംരക്ഷണം ലഭിക്കുന്നില്ലെന്നും അവർ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ ആരോപിച്ചു. പൊതുജനങ്ങൾക്ക് ഭയമില്ലാതെ വിവരാവകാശ കമ്മീഷനെ സമീപിക്കാൻ സാധിക്കണമെന്നും എ ഐ സി സി ജനറൽ സെക്രട്ടറി പറഞ്ഞു.

*******************

## ലക്ഷദ്വീപ് ബിജെപി

RNUTVPM

സർദാർ വല്ലഭായി പട്ടേൽ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ഈ മാസം 31 മുതൽ നവംബർ 16 വരെ ലക്ഷദ്വീപിൽ വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ബി ജെ പി അധ്യക്ഷൻ എൻ. കാസ്മിക്കോയ. കവരത്തി BJP ആസ്ഥാനത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ ദ്വീപുകളിലും ഏക ഭാരത, ശ്രേഷ്ഠഭാരത സന്ദേശമുയർത്തിയുള്ള മാർച്ചുകൾ, വിവിധ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കും.

*******************

## ഫിറ്റ് ഇന്ത്യ വാക്കത്തോൺ

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ - കോഴിക്കോട് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫിറ്റ് ഇന്ത്യ വാക്കത്തോൺ സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ

പ്രസിഡന്റ് ഒ. രാജഗോപാൽ വാക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്യു.

******************

## ഭിന്ന ശേഷി നിയമന പ്രശ്നം - യോഗം

സംസ്ഥാനത്തെ ഭിന്ന ശേഷി നിയമന പ്രശ്നം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നാളെ തിരുവനന്തപുരത്ത് യോഗം ചേരും. രാവിലെ 11 മണിക്ക് മുഖ്യമന്ത്രിയുടെ ഓഫീസിലാണ് യോഗം. മന്ത്രി വി ശിവൻകുട്ടി, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

******************

## വികസിത് ഭാരത് ബിൽഡത്തോൺ 2025

ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് ഭാരത് ബിൽഡത്തോൺ 2025-ന് നാളെ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നാളെ രാജ്യവ്യാപകമായി എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടക്കും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം.

RNUTVPM

******************

## ചാമ്പ്യൻസ് ബോട്ട് ലീഗ്

കേരള ടൂറിസം വകുപ്പ് ചാലിയാർ പുഴയിൽ സംഘടിപ്പിക്കുന്ന മൂന്നാമത് ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ ഇന്ന് ഉച്ചയ്ക്ക് 2.30ന് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള മത്സരങ്ങൾ

ചാലിയാർ പുഴയിൽ ഫറോക്ക് പുതിയ പാലത്തിനും പഴയ പാലത്തിനും ഇടയിലാണ് നടക്കുക.

*******************

## പറശ്ശിനിക്കടവ് വികസനം

തീർത്ഥാടന കേന്ദ്രമായ കണ്ണൂർ പറശ്ശിനിക്കടവിന്റെ വികസനത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും രണ്ട് ബോട്ട് സർവ്വീസും  നാളെ രാവിലെ മന്ത്രി കെ.ബി. ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും.  3.5 കോടി രൂപ ചെലവഴിച്ച് വിപുലീകരിക്കുന്ന ബോട്ട് ടെർമിനൽ, ഒരു കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന പറശ്ശിനിക്കടവ് നദി സംരക്ഷണ പദ്ധതി, 2.84 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന പറശ്ശിനിക്കടവ് സൗന്ദര്യ വൽക്കരണം എന്നിവയാണ് ഉദ്ഘാടനം ചെയ്യുക.

*

*******

******************************

RNU TVPM